LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ പരിഹരിക്കുവാൻ കഴിയുന്ന വിഷയങ്ങൾപോലും പരിഹരിക്കാൻ കഴിയാതെ നിണ്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലുള്ള പട്ടയ വിതരണം സംബന്ധമായ ഭൂപ്രശ്നം ജില്ലാതലത്തിൽ പരിഹരിക്കേണ്ടവയെന്നും സർക്കാരിന്റെ/ലാൻഡ് ബോർഡിന്റെ ഉത്തരവ്/നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഹരിക്കാൻ കഴിയുന്നവയെന്നും തരം തിരിച്ച് പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ**

295 (905) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ പൊന്നാരിമംഗലം ആശുപത്രി ജെട്ടിക്ക് സമീപം നെടുങ്കാട് പ്രദേശത്ത് 100 വർഷത്തിലധികമായി ഭൂമി കൈവശം വച്ചിരിക്കുന്ന 12 വീട്ടുകാർക്ക് പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പട്ടയം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

&

(സി) പട്ടയം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജ്, സർവ്വേ നമ്പർ 403 (റീസർവ്വേ 304)-ൽപ്പെട്ട ഭൂമി പുഴ പുറമ്പോക്കായതിനാൽ നിലവിലെ ചട്ടപ്രകാരം പട്ടയം നൽകുവാനാവില്ല.

**മൂവേലിക്കര വാർഡിലെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കുവാൻ നടപടി**

296 (906) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേലിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ 9 പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റുപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കി നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;